(ജി)&(എച്ച്)ഇക്കാര്യത്തിൽ നഗരസഭകൾ അവയുടെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി പ്രവർത്തനം നടത്തുന്നുണ്ട്.

വാടക നിയന്ത്രണ നിയമം

68 (3156)ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക നിയന്ത്രണ നിയമത്തിലെ ഏതെല്ലാം വകുപ്പുകളാണ് കേരള ഹൈക്കോടതി റദ്ദ് ചെയ്തത്;

(ബി) ഇതിന്റെ ഫലമായി ചെറുകിട വ്യാപാരികൾ ഒഴിപ്പിക്കൽ ഭീഷണിയെ നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നിയമ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) 1958-ൽ നിലവിൽവന്ന വാടക നിയന്ത്രണ നിയമം എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്;

(ഇ) ബാക്കി പഞ്ചായത്തുകളിൽ ഇതു നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്)എന്നത്തേക്ക് ഇത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) സെക്ഷൻ 5,6,8

(ബി)-(ഡി)വിശദവിവരങ്ങൾ ഭവന നിർമ്മാണ വകുപ്പിൽ നിന്നും റവന്യൂ കമ്മിഷണറേറ്റിൽ നിന്നും ശേഖരിച്ചു വരുന്നു.

(ഇ)&(എഫ്)ഗ്രാമപഞ്ചായത്തുകൾ ആവശ്യപ്പെടുന്ന മുറയ്ക്കാണ് പ്രസ്തുത നിയമം ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓഡിറ്റിംഗിനായി ഫയലുകൾ നൽകുന്നില്ല എന്ന പരാതി

69 (3157)ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഓഡിറ്റിംഗിനായി ഫയലുകളും മറ്റ് ആവശ്യമായ രേഖകളും നൽകുന്നില്ലായെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെന്റോ അക്കൗണ്ടന്റ് ജനറലോ സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെയാണ് പരാതി നൽകിയത്;

(സി) ഇതു സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly